പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3432 | 14.03.2018 ൽ മറുപടിയ്ക്ക്

താത്ക്കാലിക ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ സ്ഥാപനങ്ങളിൽ പാക്കിംഗ് മേഖലയിലടക്കം ജോലി ചെയ്തു വരുന്ന താത്ക്കാലിക ജീവനക്കാരുടെ വേതനം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഈ വിഭാഗം ജീവനക്കാരുടെ വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തരത്തിലുള്ള ആലോചനയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;<br><br>(സി) സമയബന്ധിതമായി ഈ വിഭാഗം ജീവനക്കാരുടെ വേതന വ്യവസ്ഥ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും | സപ്ലൈകോയിലെ പെട്രോൾ പമ്പുകളിലെ താത്ക്കാലിക ജീവനക്കാരുടെ ദിവസവേതനം 10.08.2017 മുതൽ 350 രൂപയിൽ നിന്ന് 500 രൂപയായായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വിൽപ്പനശാലകളിലും മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ ദിവസവേതനം 07.09.2016 മുതൽ 250 രൂപയിൽ നിന്നും 350 രൂപയായും പാക്കിംഗ് മേഖലയിൽ ജോലി ചെയ്തു വരുന്ന താത്ക്കാലിക ജീവനക്കാരുടെ വേതനം പാക്കിംഗ് ചാർജ്ജ് പാക്കറ്റൊന്നിന് 50 പൈസയിൽ നിന്നും 75 പൈസയായും വർദ്ധിപ്പിച്ചിട്ടുണ്ട്. താൽകാലിക ജീവനക്കാരുടെ വേതനം 450 രൂപയായും പാക്കിംഗ് ജീവനക്കാർക്ക് പാക്കറ്റ് ഒന്നിന് 75 പൈസ നൽകിവരുന്നത് 1 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ